# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1903 05.10.2016-ന് മറുപടിയ്ക്ക്**

### പട്ടികവർഗ്ഗ വിഭാഗകാർക്കായി വനം വന്യജീവി വകുപ്പ് നടപ്പിലാക്കുന്ന ക്ഷേമപദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ടി.ബൽറാം<br>ശ്രീ.പി.ടി. തോമസ് | ശ്രീ. കെ. രാജു<br>(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പട്ടികവർഗ്ഗ വിഭാഗകാർക്കായി വനം വന്യജീവി വകുപ്പ് ഏതെങ്കിലും ക്ഷേമപദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ; | (എ) | ആദിവാസി ക്ഷേമത്തിനായി വകുപ്പ് വിവിധ കർമ്മ പരിപാടികൾ നടപ്പാക്കി വരുന്നുണ്ട്. ആദിവാസി ഭവന നിർമ്മാണത്തിനായി നിലവിലുള്ള സീനിയറേജ് നിരക്കിന്റെ 25 ശതമാനം നിരക്കിൽ തടിയനുവദിച്ച് നല്കിവരുന്നു, ആദിവാസികൾ ഉൾപ്പെടെയുള്ള പരമ്പരാഗത ഈറ്റത്തൊഴിലാളികൾക്ക് വന സംരക്ഷണ സമിതികൾ വഴി സൗജന്യമായി ഈറ്റയും മുളയും നൽകി വരുന്നു. കാട്ടിനുള്ളിൽ താമസിക്കുന്ന എല്ലാ ആദിവാസികൾക്കും പട്ടികജാതിക്കാർക്കും യുണൈറ്റഡ് ഇൻഡ്യാ ഇൻഷ്വറൻസുമായി ചേർന്ന് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കി വരുന്നു. വനാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന ആദിവാസി സെറ്റിൽമെന്റുകളിൽ സ്കൂൾ, അംഗൻവാടി തുടങ്ങിയ 13 ഇനം അടിസ്ഥാന സൗകര്യ വികസനത്തിനായി 1 ഹെക്ടർ വരെ വനഭൂമി ഓരോ ആവശ്യത്തിനായും ഊരു കൂട്ടങ്ങളുടെ അഭ്യർത്ഥന പ്രകാരം നൽകി വരുന്നു. ആദിവാസി സെറ്റിൽമെന്റുകളിലെ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ട് 2014-15 സാമ്പത്തിക വർഷത്തിൽ ഇക്കോഡെവലപ്പമെന്റ് പ്രോഗ്രാമിൽ നിന്നും 60 ലക്ഷം രൂപ "ഊരിനുണർവ്വ് കാടിനുണർവ്വ്" പദ്ധതിക്കായി നൽകി. ദേശീയ വന വൽക്കരണ പരിപാടി, ദേശീയ ഔഷധ സസ്യ ബോർഡ്, ബാംബു മിഷൻ എന്നിവ വഴിയുള്ള പദ്ധതികളിലെ വനവൽക്കരണ പരിപാടികൾ ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിത സമൂഹത്തിലെ അംഗങ്ങളുടെ പങ്കാളിത്തത്തോടെയാണ് നടപ്പാക്കുന്നത്. ഈ പദ്ധതികൾ വഴി കൂടുതൽ തൊഴിലവസരങ്ങളും, ക്ഷേമ പ്രവർത്തനങ്ങളും വനാശ്രിത സമൂഹത്തിന് ലഭിക്കുന്നുണ്ട്. അതുപോലെ സംസ്ഥാന പദ്ധതി |

| | | | |
|---|---|---|---|
| | | | വിഹിതത്തിലൂടെയും, ടൂറിസം വകുപ്പിന്റെയും ധന സഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന ഇക്കോട്ടൂറിസം പദ്ധതികൾ വഴിയും വനാശ്രിത സമൂഹത്തിലെ യുവതീ-യുവാക്കൾക്ക് ധാരാളം തൊഴിലവസരങ്ങൾ ലഭിക്കുന്നുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ധനസഹായത്തോടെയുള്ള പദ്ധതികളിലൂടെയുള്ള വികസന പ്രവർത്തനങ്ങൾ വഴിയും കൂടുതൽ തൊഴിലവസരങ്ങളും, ക്ഷേമ പ്രവർത്തനങ്ങളും ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിത സമൂഹത്തിന് ലഭിക്കുന്നുണ്ട്. അതുപോലെ ആദിവാസി ജനവിഭാഗത്തിന്റെ ഉന്നമനവും, ജീവനോപാധിയും ലക്ഷ്യമിട്ട്കൊണ്ട് വനം വകുപ്പ് കേരളാ ഹോർട്ടികൾച്ചർ മിഷനുമായി സഹകരിച്ച് കേരളത്തിലെ 8 വനം ഡിവിഷനുകളിലെ 10 സെറ്റിൽമെന്റുകളിലായി ഒരു തേനീച്ച വളർത്തൽ പൈലറ്റ് പദ്ധതിയും, സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ്സ് ബോർഡും. നാഷണൽ മിഷൻ ഫോർ മെഡിസിനൽ പ്ലാന്റുമായി സഹകരിച്ച് 9 വനം ഡിവിഷനുകളിലെ 10 സെറ്റിൽമെന്റുകളിലായി ഒരു ഔഷധ സസ്യ കൃഷി പൈലറ്റ് പദ്ധതിയും പ്രാരംഭഘട്ടത്തിലാണ്. തടിയേതര വനവിഭവ ശേഖരണം, സംസ്കരണം, വനശ്രീ ശൃംഖല വഴിയുള്ള വിപണനം എന്നിവ മുഖേന ആദിവാസി സമൂഹത്തിന് ഉൽപ്പന്നങ്ങൾക്ക് ശരിയായ വിലയും, മൂല്യവർദ്ധനയിലൂടെയുള്ള അധിക വരുമാനവും വിപണിയും ഉറപ്പുവരുത്തും. |
| (ബി) | വനത്തിൽ താമസിക്കുന്ന പട്ടികവർഗ്ഗവിഭാഗകാർക്ക് വനവിഭവങ്ങൾ ശേഖരിക്കുന്നതിന് വനം വന്യജീവി വകുപ്പ് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ? | (ബി) | വനത്തിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്കായി വന വിഭവങ്ങൾ ശേഖരിക്കുന്നതിന് വനം വന്യജീവി വകുപ്പ് ഒരു തരത്തിലുള്ള നിയന്ത്രണങ്ങളും ഏർപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ